# കേരള കാർഷിക സർവ്വകലാശാല

ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കായംകുളം
ഫോൺ 0479 2443404

നമ്പർ : എ3/465/04 തീയതി : 15/6/2016

## ഫാം ഓഫീസറുടെ താൽക്കാലിക ഒഴിവ്

കേരള കാർഷിക സർവ്വകലാശാലയുടെ കായംകുളം ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഫാം ഓഫീസറുടെ മൂന്ന് താൽക്കാലിക ഒഴിവുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കുന്നതാണ്.

59 ദിവസത്തേക്കാണ് നിയമനം. ഉദ്യോഗാർത്ഥികൾ കൃഷിയിൽ ബിരുദം (BSc. Ag.) ഉള്ളവരായിരിക്കണം. അവരുടെ അഭാവത്തിൽ അഗ്രിക്കൾച്ചറൽ സയൻസിൽ ഡിപ്ലോമ പാസായവരെ പരിഗണിക്കുന്നതാണ്. പ്രായപരിധി 1/1/16 ൽ പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗക്കാർക്ക് 41 വയസ്സും മറ്റുവിഭാഗക്കാർക്ക് 36 വയസിലും കൂടാൻ പാടില്ല. നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഫാം ഡ്യൂട്ടി ചെയ്യാൻ ബാധ്യസ്ഥരാണ്. കൃഷിയിൽ ബിരുദമുള്ളവർക്ക് 500/- രൂപയും അഗ്രിക്കൾച്ചറൽ സയൻസിൽ ഡിപ്ലോമ പാസായവർക്ക് 400/- രൂപയും ദിവസവേതനം ഉണ്ടായിരിക്കുന്നതാണ്.

താല്പര്യമുള്ളവർ പേര്, മേൽവിലാസം, യോഗ്യതകൾ, പ്രവൃത്തിപരിചയം എന്നിവയടങ്ങിയ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകളും അസൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം 29.6.2016 ന് രാവിലെ 10 മണിക്ക് കായംകുളം ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

ഒപ്പ്
പ്രോജക്ട് ഡയറക്ടർ & ഹെഡ്

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പ്രാദേശിക വിതരണത്തിന്
നോട്ടീസ് ബോർഡ്
ഫാം ഇൻ ചാർജ്/ ഫാം സൂപ്രണ്ട്